BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 6/2018-2020 തീയതി: 16-03-2018

# കോഴിക്കോട് കൺവെൻഷൻ വിജയിപ്പിക്കുക

സഖാവെ,

**2018 മാർച്ച് 24 പ്രവർത്തക കൺവെൻഷൻ:** 2018 മാർച്ച് 23 മുതൽ 26 വരെ സി.ഐ.ടി.യു.ന്റെ അഖിലേന്ത്യാ ജനറൽ കൗൺസിൽ കോഴിക്കോട് ചേരുകയാണ്. ജനറൽ കൗൺസിലിൽ പങ്കെടുക്കുന്നതിനുവേണ്ടി ജനറൽ സെക്രട്ടറി സ: പി.അഭിമന്യു കോഴിക്കോട് മാർച്ച് 23 ന് എത്തിച്ചേരുകയാണ്. അതിനോടനുബന്ധിച്ച് മാർച്ച് 24 ന് ഉച്ചക്ക് 2.30 ന് കോഴിക്കോട് വച്ച് ബി.എസ്.എൻ.എൽ.ഇ.യു. പ്രവർത്തക കൺവെൻഷൻ ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണത്തിനുവേണ്ടിയും, ടവർ കമ്പനിക്കെതിരെയും എല്ലാ യൂണിയനുകളുടെയും അസോസിയേഷനുകളുടെയും നേതൃത്വത്തിൽ നടന്ന സഞ്ചാർഭവൻ മാർച്ചിനുശേഷമുള്ള സ്ഥിതിഗതികളും മന്ത്രിയുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങളും വിശദീകരിക്കുന്നതിനും വേണ്ടിയിട്ടാണ് കോഴിക്കോട് കൺവെൻഷൻ ചേരുന്നത്. മുതലക്കുളം എൽ.ഐ.സി. എംപ്ലോയീസ് യൂണിയൻ ഹാളിലാണ് കൺവെൻഷൻ. താഴെപ്പറയുന്ന രീതിയിൽ സഖാക്കളുടെ പങ്കാളിത്തം ഉറപ്പാക്കണം.

കോഴിക്കോട് ജില്ലയിൽ നിന്നും 200, കണ്ണൂർ-50, പാലക്കാട്, മലപ്പുറം, തൃശ്ശൂർ-25 വീതം എന്ന ക്രമത്തിൽ ജീവനക്കാരെ പങ്കെടുപ്പിക്കണം. മറ്റു ജില്ലകളിൽ നിന്നും പ്രധാന പ്രവർത്തകർ പങ്കെടുക്കണം. സർക്കിൾ ഭാരവാഹികളും ജില്ലാ സെക്രട്ടറിമാരും കൺവെൻഷനിൽ പങ്കെടുക്കണം. കൂടാതെ സർക്കിൾ മഹിളാ കമ്മിറ്റി അംഗങ്ങളും ജില്ലാ കൺവീനർമാരും കൺവെൻഷനിൽ പങ്കെടുക്കണം. എ.ഐ.ബി.ഡി.പി.എ., സി.സി.എൽ.യു. സഖാക്കളെ കോഴിക്കോട് ജില്ലയിൽ നിന്നും പങ്കെടുപ്പിക്കാൻ ശ്രമിക്കണം.

**കേന്ദ്രപ്രവർത്തകസമിതിയോഗം:** ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ കേന്ദ്ര പ്രവർത്തക സമിതിയോഗം 2018 ഏപ്രിൽ 3,4,5 തീയതികളിൽ അഗർത്തലയിൽ ചേരുന്നു. ശമ്പള പരിഷ്കരണം, ടവർ കമ്പനി രൂപീകരണം സംബന്ധിച്ച തുടർപ്രക്ഷോഭം, ബി.എസ്.എൻ.എൽ.ന്റെ നിലനിൽപ്പ്, കരാർ ജീവനക്കാരുടെയും, പെൻഷൻകാരുടെയും പ്രശ്നങ്ങൾ, അവരുടെ സംഘടന ശക്തിപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങൾ പ്രവർത്തകസമിതി ചർച്ച ചെയ്യും.

**സി.പി.എസ്.റ്റി.യു ദേശീയ കൺവെൻഷൻ:** കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുടെ സംയുക്തവേദിയായ സി.പി.എസ്.റ്റി.യുവിന്റെ ദേശീയ

കൺവെൻഷൻ 8-4-2018-ൽ എറണാകുളത്ത് ചേരുന്നു. കേന്ദ്ര സർക്കാരിന്റെ ഓഹരി വിൽപന, സ്വകാര്യ വൽക്കരണം, ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യും. ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി സ.പി.അഭിമന്യൂ കൺവെൻഷനിൽ പങ്കെടുക്കും.

**രഹസ്യബാലറ്റിനു പകരം ചെക്ക് ഓഫ് സിസ്റ്റം:** രഹസ്യബാലറ്റിലൂടെ അംഗീകൃത സംഘടനകളെ തെരഞ്ഞെടുക്കുന്ന രീതി മാറ്റി ചെക്ക് ഓഫ് സിസ്റ്റം ഏർപ്പെടുത്തുവാൻ ബി.എസ്.എൻ.എൽ.മാനേജ്മെന്റ് ആലോചിക്കുന്നു. ഇതുമായി ബന്ധപ്പെട്ട കത്ത് കോർപ്പറേറ്റ് ഓഫീസിൽ നിന്നും എല്ലാ സർക്കിൾ സി.ജി.എം.നും ബി.എസ്.എൻ.എൽ. മേഖലയിലെ അംഗീകൃത എക്സിക്യൂട്ടീവ്, നോൺ എക്സിക്യൂട്ടീവ് സംഘടനകളുടെ ജന:സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട യൂണിയനുകളുടെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**സി.സി.എൽ.യു. സമരം:** കരാർ തൊഴിലാളികൾക്ക് യഥാസമയം ശമ്പളം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബി.എസ്.എൻ.എൽ. സി.സി. എൽ.യു. സമരത്തിലാണ്. സമരം ശക്തമായതോടെ ബി.എസ്.എൻ.എൽ. മാനേജ്മെന്റ് ശമ്പളം നൽകുവാൻ നിർബന്ധിതമായി. ഡെപ്യൂട്ടി ചീഫ് ലേബർ കമ്മീഷണർ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സി.ജി.എം.ടി.ക്ക് കത്ത് നൽകിയിരുന്നു. (നമ്പർ: 27/37/2017/ബി6 തീയതി 13-3-2018 - കോപ്പി ഇതോടൊപ്പം വയ്ക്കുന്നു). പത്തനംതിട്ടയിൽ ശമ്പളം ലഭിക്കാത്ത ഒരു കരാർ തൊഴിലാളി ആത്മഹത്യ ചെയ്തതായി പത്രവാർത്ത വന്ന സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടിയെടുക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**സാർവ്വദേശീയ മഹിളാദിനം:** ആലപ്പുഴ ഒഴികെ എല്ലാ ജില്ലകളിലും വിപുലമായ പരിപാടികളോടെ സമുചിതമായി ആചരിച്ചു. വിശദമായ റിപ്പോർട്ട് നൽകാത്ത ജില്ലാ സെക്രട്ടറിമാർ റിപ്പോർട്ട് നൽകണം.

**സി.ജി.എം.മായുള്ള ചർച്ച:** ബി.എസ്.എൻ.എൽ.ലെ അംഗീകൃത നോൺ എക്സിക്യൂട്ടീവ് സംഘടനകളുമായി മാർച്ച് 14 ന് നടത്താൻ തീരുമാനിച്ചിരുന്ന ചർച്ച സി.ജി. എം.ന്റെ അസൗകര്യം കാരണം മാറ്റിവെച്ചു.

**വർക്കിംഗ് കമ്മിറ്റി:** 24-03-2018 കോഴിക്കോട് ചേരുവാനിരുന്ന സർക്കിൾ വർക്കിംഗ് കമ്മിറ്റി മാറ്റിവച്ചതായി അറിയിക്കുന്നു.

**മാർച്ച് 22 ബി.എസ്.എൻഎൽ.ഇ.യു സ്ഥാപകദിനം:** ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ 17-ാം മത് സ്ഥാപകദിനം പൊതുമേഖലാ സംരക്ഷണദിനമായി ആചരിക്കണമെന്ന് അറിയിച്ചിരുന്നു. ഓഫീസുകൾ അലങ്കരിച്ചും, പതാക ഉയർത്തിയും, യോഗങ്ങൾ സംഘടിപ്പിച്ചും, ദിനാചരണം വിജയിപ്പിക്കണം. വിശദമായ റിപ്പോർട്ട് ജില്ലാ സെക്രട്ടറിമാർ നൽകണം.

അഭിവാദനങ്ങളോടെ,

**സി. സന്തോഷ് കുമാർ,**
സർക്കിൾ സെക്രട്ടറി.